# വചനിപ്പ് പെരുന്നാളും ദുഃഖവെള്ളിയാഴ്ചയും ഒരേ ദിവസം വരുമ്പോൾ

ഡോ. എം.കുര്യാക്കോസ്, പുല്ലുവഴി

2016 മാർച്ച് 25-ാം തീയതി വചനിപ്പ് പെരുന്നാളും ദുഃഖവെള്ളിയാഴ്ചയും ഒരുമിച്ച് വരുന്നു. ഇതിന് മുമ്പ് 2005 ലാണ് ഏറ്റവും ഒടുവിലായി ഈ വിധം വന്ന് ചേർന്നത്. ഇനിയാകട്ടെ 141 വർഷങ്ങൾ (മൂന്ന് തലമുറകൾ) ക്ക് ശേഷം 2157 - ൽ മാത്രമെ ഈ അപൂർവ്വ പ്രതിഭാസം സംഭവിക്കുകയുള്ളു എന്നുള്ള വസ്തുത ഈ വർഷത്തെ ചരിത്ര പ്രാധാന്യമുള്ളതാക്കിത്തീർക്കുന്നു. 4000 വർഷങ്ങളുടെ ഈസ്റ്റർ തീയതികളുടെ ചരിത്രത്തിൽ ഏറ്റവും ദൈർഘ്യമേറിയ ഇടവേളയാണിത് എന്നുള്ള പ്രത്യേകത കൂടി ഈ വർഷത്തെ വചനിപ്പ് പെരുന്നാളിന് ഉണ്ട്.

വിശ്വാസസംരക്ഷകൻ, ഉദയതാരം മുതലായ സഭാ മാസികകളിൽ ഈ ലേഖനത്തിന്റെ ഇതിന്റെ സംക്ഷിപ്ത രൂപം പ്രസിദ്ധീകരിച്ചിരുന്നു. അനേകം വായനക്കാർ ആവശ്യപ്പെട്ടതനുസരിച്ച് അതിന്റെ പൂർണ്ണരൂപം ഇവിടെ കൊടുക്കുന്നു. മലങ്കരയിൽ ഈ വിഷയത്തെപ്പറ്റിയുള്ള പുരാതന രേഖകളും കൗതുക വിവരങ്ങളും ചേർത്തുകൊണ്ടുള്ള ഈ വിവരണം എല്ലാവർക്കും പ്രയോജനപ്രദമായിരിക്കുമെന്ന് കരുതുന്നു - ലേഖകൻ

## ഉള്ളടക്കം

1. ആമുഖം
2. വചനിപ്പ് പെരുന്നാളിന്റെ പ്രാധാന്യം
3. വിവിധ കനോനുകൾ (4–ാം നൂറ്റാണ്ടു മുതൽ)
4. ചാത്തന്നൂർ പള്ളി ഭിത്തിയിൽ കാണുന്ന പഞ്ചാംഗത്തിലെ കുറിപ്പ് (18–ാം നൂറ്റാണ്ട്)
5. 1877 – ൽ പത്രോസ് തൃതീയൻ പാത്രീയർക്കീസ് ബാവയും പരുമല തിരുമേനിയും അകപ്പറമ്പ് പള്ളിയിൽ ഈ പെരുന്നാൾ ആചരിച്ച വിധം
6. അപ്രേം പ്രഥമൻ പാത്രീയർക്കീസ് ബാവയുടെ കല്പന (1938)
7. വിവിധ കാതോലിക്കാ ബാവമാരുടെ കല്പനകളും ആചരണ വിവരണങ്ങളും (1939, 1950, 2016)
8. ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ കല്പന (2005)
9. ആംഗ്ലിക്കൻ സഭ, റോമാ സഭ എന്നിവരുടെ ആചാര രീതികൾ
10. നിഖ്യാ സുന്നഹദോസ് മുതൽ എ.ഡി. 4039 വരെ ഈ വിധത്തിലുള്ള തീയതികൾ
11. സഭാ ചന്ദ്രികയിലെ ലേഖനം (1950)
12. വചനിപ്പ് പെരുന്നാൾ അല്ലാതെ ഹാശാ ചൊവ്വാഴ്ച്ച വി. കുർബ്ബാന അർപ്പിച്ച വിവരം (1808)
13. വചനിപ്പ് പെരുന്നാൾ അല്ലാതെ വലിയ നോമ്പിൽ 5–ാം ബുധനാഴ്ച വി. കുർബ്ബാന അർപ്പിച്ച വിവരം (1877)

ഈ ലേഖനത്തിന് ആവശ്യമായ ചില വിവരങ്ങളും വിശദീകരണങ്ങളും തന്ന് സഹായിച്ച വന്ദ്യ സ്ലീബ പനയ്ക്കൽ കശ്ശീശയ്ക്കും ശ്രീ വർഗീസ് ജോൺ തോട്ടപ്പുഴയ്ക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. – ഡോ. എം. കുര്യാക്കോസ്

# വചനിപ്പ് പെരുന്നാളും ദുഃഖവെള്ളിയാഴ്ചയും ഒരേ ദിവസം വരുമ്പോൾ

ഡോ. എം.കുര്യാക്കോസ്, പുല്ലുവഴി

ഈ വർഷം ദുഃഖവെള്ളിയാഴ്ച മാർച്ച് 25–ാം തീയതിയാണല്ലോ ആചരിക്കുന്നത്. വി.ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ പെരുന്നാളും അന്നു തന്നെ. വചനിപ്പിന്റെ പെരുന്നാൾ (Feast of Annunciation) വലിയ നോമ്പിലായാലും ഹാശാ ആഴ്ചയിൽ വലിയ വെള്ളിയാഴ്ച അടക്കമുള്ള ഏതു ദിവസം വന്നാലും ആ ദിവസം വി.കുർബാന അർപ്പിയ്ക്കണമെന്ന് വി.സഭയുടെ കാനോനുകൾ അനുശാസിക്കുന്നു.

പ്രാർത്ഥിപ്പാൻ ദൈവത്തിൻ മുമ്പിൽ നിന്ന കേവലം പതിന്നാലു വയസ്സു പ്രായമുള്ള മറിയം എന്നു പേരുള്ള എബ്രായ കന്യകയോട് അഗ്നിജ്വാലാവൃതനായ ഗബ്രിയേൽ മാലാഖ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ സവിശേഷമായ ഒരു ദൂത് അറിയിച്ച ദിവസമാണ് ഇത്. " നീ ഗർഭം ധരിച്ച് മകനെ പ്രസവിക്കും " എന്ന ആ വചനത്തെ പൂർണ്ണ അനുസരണത്തോടെ മറിയം സ്വീകരിച്ച് സ്വർഗ്ഗീയ പിതാവായ ദൈവത്തിന് തന്നെത്തന്നെ സമർപ്പിച്ച പുണ്യ ദിനമാണ് ഇത്. വിശ്വാസത്തിന്റെയും വിധേയത്വത്തിന്റെയും വിനീത പ്രഖ്യാപനമാണ് മറിയാമിന്റെ അധരങ്ങളിൽ നിന്ന് ഈ ദിവസം പൊഴിഞ്ഞുവീണത്. " ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ." എന്ന അവളുടെ സമർപ്പണ വാക്കുകളാണ് സുവിശേഷങ്ങളുടെ ആരംഭവും ആരംഭങ്ങളുടെ സുവിശേഷവും. ദൈവ പുത്രന്റെ മാനവ ചരിത്രം ആരംഭിക്കുന്നത് മാലാഖയുടെ മുമ്പിലുള്ള മറിയാമിന്റെ സമ്മതം മൂളലിൽ കൂടിയാണ്. മറിയാമിന് ദൈവകല്പനയാണ് ന്യായപ്രമാണം, അതാണവളുടെ വേദപ്രമാണം. ദൈവചരിത്രത്തിന്റെ ഭാഗമാകാൻ, ദൈവത്തിന് ഭൂമിയിൽ വസിക്കേണ്ട കൂടാരമാകുവാൻ അവൾ സ്വയം താഴ്ത്തി മാലാഖയെ നമിച്ച ദിവസമാണ് ഇത്.ദൈവത്തിന്റെ ഒരു ഭാജനമായിത്തീരുവാൻ അവൾ എന്നന്നേക്കുമായി പ്രതിഷ്ഠിക്കപ്പെട്ട ദിവസമാണ് ഇത്. വാഴ്ത്തപ്പെട്ട കന്യകയായ മുന്തിരിത്തണ്ട് മാലാഖയുടെ മുമ്പാകെ തല കുനിച്ച് നിന്നപ്പോൾ സ്വർഗ്ഗം ഭൂമിയിൽ

താണിറങ്ങി വന്ന് ജീവന്റെ മുന്തിരിക്കുലയെ പുറപ്പെടുവിച്ചു. ദൈവം തന്നോട് അരുളിചെയ്തത് വിശ്വസിച്ചവൾ ഭാഗ്യവതിയാണെന്ന് ഏലിശ്ബ അവളെക്കുറിച്ച് സാക്ഷ്യം പറഞ്ഞു. വിശുദ്ധ ഗ്രിഗോറിയോസ് (മൂന്നാം നൂറ്റാണ്ട്.) മാതാവിനെ പുകഴ്ത്തുന്നത് ഇപ്രകാരമാണ്. "മനുഷ്യകുല രക്ഷയ്ക്കായുള്ള ദൈവത്തിന്റെ ഇഷ്ടം നിർവ്വഹിച്ചതിൽ ഏറ്റവും സുപ്രധാന പങ്കുവഹിച്ചത് വിശുദ്ധ മാതാവല്ലാതെ മറ്റാരാണ്.? വിശുദ്ധ മറിയാമെ! പിതാക്കന്മാരിൽ നിന്നും ദീർഘദർശിമാരിൽ നിന്നും മറഞ്ഞിരുന്നത് നീ അറിഞ്ഞു. കന്യകയെ ! മാലാഖമാർക്കുപോലും അഞ്ജാതമായിരുന്നത് നീ പ്രാപിച്ചു. ഏറ്റവും വിശുദ്ധയെ ! ദൈവഭക്തന്മാർക്കുപോലും കേൾക്കാൻ കഴിയാത്ത വാക്കുകൾ നീ മാലാഖയിൽ നിന്നും കേട്ടു..... " തന്റെ പുത്രനിൽ വിശ്വസിക്കുന്നവരെ പ്രകാശിപ്പിക്കുന്ന തേജസ്സേ ! ഏറ്റവും അനുഗ്രഹിക്കപ്പെട്ടവളെ ! ആത്മാക്കളെ ഇമ്പപ്പെടുത്തുന്നവളെ ! രണ്ടാമത്തെ ആകാശമേ ! വിശുദ്ധ സ്ഥലമേ ! ജഡത്തിലുള്ള കൊട്ടാരമേ ! എന്നെല്ലാമാണ് അദ്ദേഹം മറിയാമിനെ പുകഴ്ത്തി സംബോധന ചെയ്യുന്നത്.

മഹത്വപൂർണ്ണമായ ഈ പെരുന്നാൾ ഏറ്റവും ശ്രേഷ്ഠമായ രീതിയിൽ ആചരിക്കുന്നതിന് ആദിമ നൂറ്റാണ്ടുകൾ മുതൽ തന്നെ സഭ നിഷ്കർഷിക്കുന്നുണ്ട് . അന്ത്യോക്യൻ സുറിയാനിസഭാ പാരമ്പര്യത്തിൽ വചനിപ്പ് പെരുന്നാൾ രണ്ടു പ്രാവശ്യം ആചരിക്കുന്നത് ഈ ദിവസത്തിന്റെ അദ്വതീയ സ്ഥാനവും പ്രാധാന്യവും വെളിവാക്കുന്നു. മാർച്ച് 25-ാം തീയതിയും (സ്ഥിരതീയതി) കൂദശ് ഈത്തോയ്ക്ക് ശേഷമുള്ള മൂന്നാമത്തെ ഞായറാഴ്ചയും ഈ മാറാനായ പെരുന്നാൾ ആഘോഷിക്കപ്പെടുന്നു. കന്യക മറിയാമിനോടുള്ള ഗബ്രിയേൽ മാലാഖയുടെ സവിശേഷമായ മംഗള വാർത്തയുടെ അറിയിപ്പും അവളുടെ വിശ്വാസഭരിതവും വിനയാന്വിതവുമായ സമർപ്പണവുമാണ് ദൈവത്തിന് ഭൂമിയിൽ മനുഷ്യനായി അവതരിക്കാൻ അവസരമൊരുക്കിയത്. അതിനാൽ വചനിപ്പുപെരുന്നാൾ ഏത് ദിവസം വന്നാലും അത് ഹാശായുടെ വെള്ളിയാഴ്ച ആയാൽപോലും അന്ന് വി.കുർബാന അർപ്പിച്ച് മാറാനായ പെരുന്നാളിന് അടുത്ത മഹത്വത്തോടെ ആ ദിവസം ആചരിയ്ക്കുവാൻ പിതാക്കന്മാർ കൽപ്പിയ്ക്കുന്നു..

എ.ഡി. 393- ലെ ലവദോക്യ സുന്നഹദോസിന്റെ 49-ാം ഡിക്രിയിലും എ.ഡി 629 ലെ Quinisext Council (ട്രുള്ളോയിലെ സുന്നഹദോസ്) 52-ാം കാനോനിലും ഈ പെരുന്നാൾ ദുഃഖവെള്ളിയാഴ്ച വന്നാൽപോലും അന്ന് വി.കുർബാന

അർപ്പിക്കണമെന്ന് അനുശാസിക്കുന്നു. ഇതു കൂടാതെ ഹൂദായകാനോൻ 5-ാം കേപ്പാലേവോൻ 1-ാം പോസൂക്കോ അഞ്ചാം നിയമത്തിലും ഈ നിബന്ധന കാണുന്നുണ്ട്.

ചാത്തന്നൂർ സെന്റ് ജോർജ് പള്ളിയുടെ തെക്കേ ഭിത്തിയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇരുനൂറിലധികം വർഷം പഴക്കമുള്ള ഒരു പഞ്ചാംഗത്തിൽ ഇപ്രകാരം കാണുന്നു. *"അൻപതു നുയംപിൽ ചനിയാഴിച്ചയും ഞായറാഴിച്ചയും കാലത്തെ കുറുവാന ചൊല്ലാമെന്നും നുയമ്പിൻറെ പാതിക്കും നാല്പതിനും പിസഹായിക്കും ദുഖചനിയാഴിച്ചക്കും 22 1/2 നാഴിക പുലരുംപോൾ കുറുവാന പിരിയണമെന്നും വചനിച്ച പെരുന്നാൾക്കു കാലത്തെ ചൊല്ലാമെന്നും ദുഖവെള്ളിയാഴിച്ച ഇപ്പെരുനാൾ വന്നുവെംകിൽ കാലത്തെ രഹസ്യത്തിൽ കുറുവാന ചൊല്ല്യെച്ചു ഉച്ചനമസ്കാരവും കുരിശു കുംപിടീലും കഴിക്കണമെന്നും അല്ലാതെ നുയംപിൽ കുറുവാന ചൊല്ലരുതന്നും യാക്കോബായക്കാരായ നമ്മെ നമ്മുടെ വാവാമ്മാരു പടിപ്പിച്ചത്......"*

ഈസ്റ്റർ മാർച്ച് 27 ന് വരുന്ന വർഷങ്ങളിലാണല്ലോ ഈ വിധത്തിലുള്ള സംവിധാനം ആവശ്യമായി തീരുന്നത്. വലിയ വെള്ളിയാഴ്ച ( Good Friday ) ഒരു ചരതീയതി പെരുന്നാൾ ആണ് (Moving Date Festival ) . അത് ഈസ്റ്ററിന് തലേ വെള്ളിയാഴ്ച എന്ന് നിജപ്പെടുത്തിയിരിക്കുന്നു. എന്നാൽ അറിയിപ്പിന്റെ പെരുന്നാൾ (March 25) ഒരു സ്ഥിര തീയതി പെരുന്നാളാണ് ( Constant Date Festival ) അതുകൊണ്ട് മേൽപറഞ്ഞ പ്രകാരം രണ്ടു ദിവസങ്ങളും ഒരുമിച്ച് വരുന്ന വർഷങ്ങൾ വിരളമാണ്. ഒരു നൂറ്റാണ്ടിൽ രണ്ടോ മൂന്നോ പ്രാവശ്യം മാത്രമാണ് ഈ പ്രതിഭാസം ഉണ്ടാകുന്നത്. നിഖ്യ സുന്നഹദോസിന് ശേഷം 52-ാം പ്രാവശ്യമാണ് ഈ വർഷം ഇപ്രകാരം സംഭവിയ്ക്കുന്നത്. ഇപ്പോൾ നാം ഉപയോഗിക്കുന്ന ഗ്രിഗോറിയൻ കലണ്ടർ പ്രകാരം ഇനി ഇങ്ങനെ വരുന്ന വർഷങ്ങൾ 2157, 2166, 2214, 2225, 2236, 2304, 2377, 2388 ...........മുതലായവ ആയിരിക്കും. 2016 ന് മുമ്പ് വിധം ഒത്തുചേർന്ന വർഷങ്ങൾ 2005, 1932, 1921, 1910, 1864, 1853, 1842, 1796, 1785, 1712, 1701.........എന്നിങ്ങനെയും. പക്ഷേ ഗ്രിഗോറിയൻ കലണ്ടർ മലങ്കര സഭ അംഗീകരിക്കുകയും പെരുന്നാളുകൾ ക്രമപ്പെടുത്തുകയും ചെയ്തത് 1952-53 മുതൽ മാത്രമാണ്. പാത്രീയർക്കീസ് വിഭാഗം 1952 ഡിസംബർ 15 യെൽദോ നോമ്പ് ആരംഭത്തിനും മെത്രാൻകക്ഷി വിഭാഗം 1953 മെയ് 14-ാം തീയതി സ്വർഗ്ഗാരോഹണ പെരുന്നാൾ ദിവസവുമാണ് പുതിയ കലണ്ടർ പ്രകാരമുള്ള പെരുന്നാൾ തീയതികൾ സ്വീകരിച്ചത്.

(ഭാഗ്യവശാൽ 1953 ൽ രണ്ടു കലണ്ടർ പ്രകാരവും ഈസ്റ്റർ ഒരേ തീയതിയിൽ ആയിരുന്നു വന്നത്- ഏപ്രിൽ 5 ഞായറാഴ്ച. അതിനാൽ ഇരുവിഭാഗങ്ങളും വ്യത്യസ്ത തീയതികളിൽ കഷ്ടാനുഭവ ആഴ്ചയും ഈസറ്ററും ആചരിക്കേണ്ടി വരുന്ന അവസ്ഥ ഒഴിവായി.......)

അതിനുമുമ്പ് സുറിയാനി കണക്ക് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു പ്രത്യേക തരം സംവിധാനമാണ് മലങ്കര സഭയിൽ പെരുന്നാൾ തീയതി കണക്കാക്കുവാൻ ഉപയോഗിച്ചിരുന്നത്. വർഷം ജൂലിയൻ കലണ്ടർ പ്രകാരവും, മാസം മലയാളം കണക്കിലും കൂട്ടിയോജിപ്പിച്ച ഒരു രീതിയായിരുന്നു അത്. അതിൻ പ്രകാരം 1950, 1939, 1877, 1866, 1855, 1782, 1771, 1692, 1687, 1608.....എന്നിങ്ങനെയുള്ള വർഷങ്ങളിൽ നമ്മുടെ ഈസ്റ്റർ സുറിയാനി മാസം ഓദോർ 27-ാം തീയതി ആയിരുന്നു. അതായത് മലയാള മീനമാസം 27-ാം തീയതി ഞായറാഴ്ച... മീനമാസം 25-ാം തീയതി ദുഃഖവെള്ളിയാഴ്ച ആയും വി. മാതാവിനോടുള്ള അറിയിപ്പുപെരുന്നാളായി വരികയും ചെയ്തു. 18-ാം നൂറ്റാണ്ടിൽ 1771 ലും 1782 ലും മീനം 25-ാം തീയതി ഇവ ഒരുമിച്ച് വന്നതിന്റെ പഞ്ചാത്തലത്തിലാണ് ചാത്തന്നൂർ സെന്റ് ജോർജ്ജ് പള്ളിയുടെ തെക്കേഭിത്തിയിൽ രേഖപ്പെടുത്തിയിരിക്കുന്ന പഞ്ചാംഗത്തിലെ മേൽപ്പറഞ്ഞ കുറിപ്പ് എന്ന് കരുതാം.

വചനിപ്പ് പെരുന്നാൾ മിക്കവാറും വലിയ നോമ്പിലാണ് വന്നുചേരുന്നത്. ഒരിക്കലും വലിയ നോമ്പിനു മുമ്പ് ഈ പെരുന്നാൾ വരികയില്ല. പക്ഷേ വളരെ അപൂർവ്വമായി ഉയർപ്പു പെരുന്നാൾ ദിവസമോ അതിനുശേഷമുള്ള ബുധനാഴ്ച വരെയോ വരാവുന്നതാണ്. എ.ഡി.1818, 1912 എന്നീ വർഷങ്ങളിൽ വചനിപ്പു പെരുന്നാൾ ഉയർപ്പിന്റെ ഞായറാഴ്ചയാണ് മലങ്കരസഭ ആചരിച്ചത്. ഇനി 2035 ലും 2046 ലും ഇതേ വിധം ഈസ്റ്ററും അറിയിപ്പിന്റെ പെരുന്നാളും ഒരുമിച്ച് വരുന്നതാണ്. ഇങ്ങനെയുള്ള ഞായറാഴ്ചയെ Kyriopascha എന്നു വിളിക്കുന്നു. 2008 ൽ ഹേവോറെ ചൊവ്വാഴ്ചയാണ് ഈ പെരുന്നാൾ വന്നുചേർന്നത്. 1915 ൽ വചനിപ്പ് പെരുന്നാൾ ഉയർപ്പിനുശേഷമുള്ള ബുധനാഴ്ചയായിരുന്നു പക്ഷേ ആ വർഷം മായൽത്തോപെരുന്നാൾ (കുംഭം 2-ാം തീയതി) വലിയ നോമ്പിന്റെ ആദ്യദിവസമായ ശുബ്ക്കോനോയുടെ തിങ്കളാഴ്ച ആയിരുന്നു.

1877 മീന മാസം 25-ാം തീയതി ദുഃഖവെള്ളിയാഴ്ചയും വചനിപ്പുപെരുന്നാളും ഒരുമിച്ച് വന്നപ്പോൾ അകപ്പറമ്പ് പള്ളിയിൽ ഈ ദിവസം ആചരിച്ചവിധം കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത

കരവട്ട് വീട്ടിൽ ശെമവൂൻ മാർ ദിവന്നാസിയോസ് തിരുമേനിയുടെ നാളാഗമത്തിലും അങ്കമാലി ഭദ്രാസനത്തിന്റെ അമ്പാട്ട് മാർ കൂറിലോസ് തിരുമേനിയുടെ ഡയറിയിലും ഇപ്രകാരം കാണുന്നു.

കുറിപ്പ് :- ഈ വിഷയത്തിൽ ലഭ്യമായ ഏറ്റവും പുരാതനമായ രേഖ ഇതാണ്. ഇവിടെ വിശുദ്ധ പിതാവ് എന്ന് പറയുന്നത്. അന്ത്യോഖ്യായുടെ പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായും ഗ്രിഗോറിയോസ് മെത്രാപൗലീത്ത പരിശുദ്ധ പരുമല തിരുമേനിയുമാണ്. (ഈസ്റ്റർ തീയതികളെപ്പറ്റിയും പെരുന്നാൾ തീയതികളെപ്പറ്റിയും ആധികാരികമായ ഗവേഷണം നടത്തിയിട്ടുള്ള ശ്രീ വർഗ്ഗീസ് ജോൺ തോട്ടപ്പുഴയോട് കടപ്പാട് - ലേഖകൻ)

*'ഇതിന്റെ ശെഷം പിറ്റെ ദിവസി വെള്ളിആഴ്ച 25 നു സുബാറാ യുടെ പെരുന്നാൾ ആയിരുന്നതിനാൽ - പെരുന്നാളിന്റ അന്തിയുടെ നമസ്കാരം നമസ്കരിച്ചു. ആയ്തിന്ന കൌമ്മായ്ക്കു കാദിശാത്താലൂഹായും ഏവൻഗെലിയൊന്നു ശ്ലാമ്മായും ബസമൽക്കായും ധൂപവും കൈമുത്തും മറ്റും ഹാശായുടെ ഭാവം നീക്കി സകലവും ഉണ്ടായിരുന്നു - പാതിരാത്രീ ആയപ്പൊൾ എഴുന്നീറ്റ ഹാശായുടെ നമസ്കാരം മുഴുവനും നമസ്കരിച്ചു. ആയ്തു കഴിഞ്ഞശെഷം അപ്പൊൾ തന്നെ പെരുന്നാളിന്റെ മയ്യലിനുടെ നമസ്കാരം തുടങ്ങി. ആയ്തിനു ധൂപവും മറ്റും മെൽപറഞ്ഞതു പൊലെ ആയിരുന്നു. നമസ്കാരത്തിന്റെ അവസാനത്തിൽ മുറപ്രകാരം കുറുബാന ചൊല്ലി - കുറുബാനയ്ക്കു നുയമ്പില്ലാത്ത സമയ ഉള്ളതു പൊലെ ശ്ലാമ്മായും മറ്റും ഉണ്ടായിരുന്നു. നമസ്കാരം കഴിഞ്ഞു കുറുബാനയ്ക്കു തുടങ്ങുമ്പൊൾ ഏകദെശം നാലു നാഴിക പുലർന്നതായി തൊന്നുന്നു. അന്നു കുറുബാന ചൊല്ലിയ്തു ഗ്രീഗൊറിയൊസ്സു മെത്രാപൌലീത്ത ആയിരുന്നു. കുറുബാന കഴിഞ്ഞ അന്നും പെസഹാക്കും വിശുദ്ധ പിതാവും മെല്പട്ടക്കാറര എല്ലാവരും ഭക്ഷണം കഴിച്ചു. ഉച്ചകഴിഞ്ഞ ശെഷം നമസ്കാരത്തിന്നു ചെന്ന സമയം നടുവിൽ നാട്ടിരുന്ന മരത്തിൽ ഇട്ടിരുന്ന മരകുരിശ എടുത്ത ചുമപ്പു കൊണ്ട ഒരു പട്ടുതൂവാല പിതാവു കയിൽ വിടുർത്തിപിടിച്ച അതിനകത്തു കുരിശു വച്ചു പിതാവു തന്നെ എടുത്ത മദുബഹായിൽ ത്രൊനൊസിമ്മെൽ കൊണ്ടുചെന്നു വച്ചു - അതിന്റെ ശെഷം നടുവിൽ കർക്കബസായുടെ സാദൃശത്തിൽ നാട്ടിരുന്നതിന്റെ പടിഞ്ഞാറെ വശത്തുനിന്നു ഉച്ചനമസ്കാരം തുടങ്ങി - ആയ്തു കഴിഞ്ഞ ശെഷം വിശുദ്ധപിതാവും ശെഷം മെത്രാമ്മാരും പട്ടക്കാറ എല്ലാവരും മദുബഹായിൽ പ്രെവെശിച്ചു മെത്രാമ്മാരു മുതലായ*

*പട്ടക്കാരുമുതലായവര എല്ലാവരും അവരവരുടെ അമശവസ്ത്രം ധരിച്ചു പിതാവു മെൽപറഞ്ഞ ചുമന്ന പട്ടു ചുമന്ന തൂവാല കഴുത്തിൽ കെട്ടി മെൽ പറഞ്ഞ കുരിശു എടുത്ത ശീലയൊടു കൂടെ വലത്തെ തൊളിൻമ്മെൽ വച്ച മദുബഹായുടെ തെക്കെവശത്തുകൂടി ഏവൻഗെലിയൊൻ ധൂമകുറ്റി - മുതലായി പള്ളിയുടെ കൊട - കൊടി മെക്കട്ടി മുതലായ ആഘൊഷ ത്തൊടു കൂടി പള്ളിയുടെ തെക്കെ വാതിൽ കിടന്നിറങ്ങി പടിഞ്ഞാറെ വശത്തുകൂടി പുറപ്പെട്ടു വടക്കെ വാതുക്കൽ കൂടി പള്ളി അകത്തു പ്രവെ ശിച്ച നടുവിൽ നാട്ടീരുന്ന കർക്കബസാ എന്നു പറയുന്ന കാലിൽ നിവൃർത്തി വച്ചു 22 1/2 യുടെ നമസ്കാരവും സ്കീപ്പുസായുടെ ക്രമവും തൊടങ്ങി - കുരിശുവച്ചതിന്റെ രണ്ടു വശവും ഒരൊ മെഴുകുതിരികൾ കത്തിച്ചു വച്ചിട്ടുണ്ടായിരുന്നു - ക്രമത്തിന്റെ അവസാനത്തിൽ ഏവൻഗെ ലിയൊൻ വായിച്ചു - എടത്തെതിലെ കള്ളൻ ദുഷിച്ചു എന്നു പറയുന്ന സമയം തെക്കുവശത്തെ മെഴുകുതിരി കെടുത്തി - കാലസ്തികൾ തകർത്തി എന്നു പറയുന്ന സമയം രണ്ടുവശത്തെ മെഴുകുതിരി വളക്കു കയും കെടുത്തുകയും ചെയ്തു - അതിന്റെ ശെഷം സൊഗദീനാൻ ലസ്ലീബൊ എന്നുള്ള നിറുത്തു ചൊല്ലി പാത്രിയർക്കീസുബാവാ മുതൽ ശെമ്മാശൻമ്മാരു വരെ മുറപ്രകാരം സ്ലീബായുടെ മുമ്പാകെ ധൂപം വച്ചു കുമ്പിട്ടു - അതിന്റെ ശെഷം കുരിശ എടുത്തു നാലുവശത്തെയ്ക്കും തിരി ഞ്ഞ ഹുസമറിയാ അൽ അമ്മാ എന്നുള്ള ബാത്തം ചൊല്ലി - പിന്നീടു നാലുവശത്തെക്കും തിരിഞ്ഞു - ഹവുദ മാലാഖെ ചൊല്ലി - നാലുവശ ത്തെക്കും കുരിരിശ അഘൊഷിച്ചു പിന്നീടു മുമ്പിൽ പുറത്തെക്കു ആഘൊഷിച്ചപ്പൊൾ സ്ലീബാ പിടിച്ചതു പൊലെ സ്ലീബാ വിശുദ്ധപിതാവ എടുത്ത - വായിലെക്ക് സെഹിയൊൻ എന്നുള്ള ഈ നിറുത്തുകൾ ചൊല്ലി. പള്ളിക്കകത്തു തെക്കുവശത്തുകൂടെ പടിഞ്ഞാറൊട്ടു ചുറ്റി വടക്കുവശത്തു കൂടി മദുബഹായിൽ പ്രവെശിച്ചു. സ്ലീബാ ത്രൊനൊസിമ്മെൽ വെച്ച - ചെന്നിനായകവും ചെറുക്കായും കൂട്ടികലർത്തി വെള്ളവും ഒഴിച്ച ഒരു പാത്രത്തിൽ ആക്കി പാത്രം ത്രൊനൊസിമ്മെൽ വച്ചു - കുരിശിന്റെ രണ്ടു കൊമ്പും അതിൽ മുക്കി പനനീര എടുത്ത ആ പാത്രത്തിൽ കാട്ടി - കുരി ശുമ്മെൽ ഒഴിച്ച ആയ്തു കുളിപ്പിച്ചു. വെള്ളപഞ്ഞി കുന്തുരുക്കം അതിന്റെ മീതെ നിരത്തി വച്ച വെള്ളശീലയിൽ പൊതിഞ്ഞു കെട്ടി വച്ചതിന്റെ ശെഷം കഴുകിയ പനിനീരും ചെറുക്കായും ചെന്നി നായകവും കൂടി ചെർത്ത വെള്ളം ആദ്യം പിതാവു കുടിക്കുകയും പിന്നീടു മെത്രാ മ്മാർക്കും പട്ടക്കാരു മുതലായവർക്ക ബാവാതന്നെ ത്രൊനൊസിമ്മെൽ വച്ചു തന്നെ കൊരികൊടുത്തു - അൽമ്മെനികൾക്കു മദുബഹായുടെ*

*വാതുക്കൽ വച്ചു - കൊരിവായിൽ കൊടുക്കതക്കവണ്ണം കല്പിച്ചു അതു പ്രകാരം പട്ടക്കാരു കൊരികൊടുത്തു - ബാവാ സ്ലീബാ എടുത്ത ഏതാനും കാലാകൾ ചൊല്ലി ത്രൊനൊസിനകത്തു തെക്കൊട്ടു തലയും വടക്കൊട്ടു മുഖവും ആയി ചരിച്ചു വച്ച കതകടച്ച മെഴുകു കൊണ്ടു മുദ്ര വച്ച ഉറപ്പിച്ച - ഉസ്സായായും കാലായും ബാവൂസായും - തെശുബുഹ ത്താലാലുഹായും മഹയിമ്മ നീനായ്ക്കനും മ്ശിഹാ ദബമൌത്തെ ആഹി എന്നുള്ളതും ചൊല്ലി കഴിഞ്ഞതിന്റെ ശെഷം - ത്രൊനൊസിന്റെ കിഴക്കു വശത്തു വാതുക്കൽ ഉയർക്കുന്നതു വരെ കത്തുന്നതിന്നു ഒരു വിളക്കുവയി പ്പിച്ചും വച്ച മദുബഹായുടെ കിഴക്കു വശത്തു കൂടി ഒരുത്തനും കടക്കാതെ അപ്രവും ഇപ്രവും മറച്ചുകൊള്ളെണമെന്നു കല്പിച്ചു അതുപ്രകാരം ചെയ്തു - ഇതിന്റെ ശെഷം ബാവാമുറിയിലെക്കു പൊയി - ശെഷം നമ സ്കാരം അപ്പൊൾ തന്നെ ശെഷം പെരു കല്പനപ്രകാരം - പള്ളിയുടെ നടയിൽ കർക്കബസായുടെ മുന്നിൾ നിന്നു നമസ്കരിക്കുകയും ചെയ്തു."*

ഇരുപതാം നൂറ്റാണ്ടിൽ 1939 ലും 1950 ലും ഇങ്ങനെ വന്നിട്ടുണ്ട്. 1939 മീനം 25–ാം തീയതി (ഏപ്രിൽ ഏഴിന്) ഈ വിശേഷദിവസങ്ങൾ ഒരുമിച്ചു വന്നപ്പോൾ അന്ത്യോഖ്യായുടെ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ പുറപ്പെടുവിച്ച കല്പനകളിലെ പ്രസക്തഭാഗങ്ങൾ താഴെ ചേർക്കുന്നു.

പരിശുദ്ധ അപ്രേം പ്രഥമൻ ബാവാ 1938 മിഥുനം 24 നു പുറപ്പെടുവിച്ച 464 –ാം നമ്പർ കല്പനയിൽ നിന്ന്:

*" മായൽത്തൊ പെരുന്നാൾ നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേ ശനത്തിന്റേയും വൃദ്ധനായ ശെമഓന്റേയും ഓർമ്മയെ ഉദ്ദേശിച്ച് കുംഭം 2 -ാം തീയതി തന്നെ ആചരിക്കേണ്ടതാകുന്നു. ഈ പെരുന്നാൾ ഈയാ ണ്ടിൽ വന്നതു പോലെ മൂന്നു നോമ്പിൽ വരികയോ, 1915 - ൽ വന്നതു പോലെയും 2010 - ൽ വരുവാനിരിക്കുന്നതു പോലെയും അപൂർവ്വമായി ചിലപ്പോൾ വലിയ നോമ്പിന്റെ ശുബ്ക്കോനൊ തിങ്കളാഴ്ച വരികയൊ ചെയ്താൽ ആ ദിവസം തന്നെ പെരുന്നാൾ ആചരിച്ചുകൊള്ളണം. പെരു ന്നാൾ ക്രമം അനുസരിച്ച് കാലത്തെ വി. കുർബ്ബാന അർപ്പിക്കേണ്ടതും, വി. കുർബ്ബാനാനന്തരം ഉച്ചയ്ക്കു നോമ്പിന്റെ പ്രാർത്ഥന കഴിഞ്ഞു ഉപ വാസം അഴിക്കേണ്ടതും ശുബ്ക്കോനോയുടെ ക്രമം പിറ്റേ ദിവസം ചൊവ്വാഴ്ച നടത്തേണ്ടതും ആകുന്നു.*

*സൂബോറൊ പെരുന്നാൾ, വിസ്മയനീയവും, രക്ഷാകരവുമായ ഗർഭ ധാരണത്തെപ്പറ്റി ദൈവമാതാവിനോടുള്ള വചനിപ്പിന്റെ ഓർമ്മയായി മീനം 25 നു തന്നെ സഭ ആചരിക്കുന്നതാകുന്നു. 'സൂബോറൊ പെരുന്നാൾ ഏതു ദിവസം വന്നാലും അന്നു തന്നെ സഭ കൊണ്ടാടുന്നു' എന്ന് ഹൂദായകാനോൻ 5 - ാം അദ്ധ്യായം, 1 - ാം വാക്യം, 5 - ാം നിയമത്തിലും, 'ആ ദിവസം മാറാനായ പെരുന്നാളുകളുടെ അടിസ്ഥാനമാകുന്നു. ഈ പെരുന്നാളുകൾക്കു ഒരിക്കലും തീയതി മാറ്റം വരുത്തുന്നില്ല ' എന്നു ആണ്ടടക്കമുള്ള പെരുന്നാൾ പട്ടികയിലും വ്യക്തമായി എഴുതപ്പെട്ടിരിക്കുന്നു. 1939 - ൽ വരുന്ന പ്രകാരം ദുഃഖവെള്ളിയാഴ്ച വന്നാൽ പോലും പെരുന്നാൾ മുറയനുസരിച്ചു കാലത്തെ വി. കുർബ്ബാന അണയ്ക്കേണ്ടതാകുന്നു. എന്നാൽ ആ വലിയ ദിവസത്തെക്കുറിച്ചുള്ള ബഹുമാനത്തെ പ്രതി നോമ്പിന്റെ വ്രതം അഴിക്കുവാൻ പാടില്ലാത്തതും, ദുഃഖവെള്ളിയാഴ്ചയുടെ ക്രമം ഉച്ചയ്ക്കും ഇരുപത്തിരണ്ടരയ്ക്കുമായി പതിവു പോലെ നിവർത്തിച്ചു കൊള്ളേണ്ടതും ആകുന്നു. സുബോറൊ പെരുന്നാൾ ദുഃഖശനിയാഴ്ച വന്നാലും പെരുന്നാൾ മുറയനുസരിച്ചു കാലത്തെ വി. കുർബ്ബാന അണയ്ക്കണം. ഉച്ചകഴിഞ്ഞ് ഇരുപത്തിരണ്ടരയ്ക്കു രണ്ടു ത്രോണോസുകളുള്ള പള്ളികളിൽ ദുഃഖശനിയാഴ്ചയുടെ മുറയനുസരിച്ചു വേറൊരു കുർബ്ബാന കൂടെ അർപ്പിയ്ക്കേണ്ടതാകുന്നു. ഒരു ത്രോണോസു മാത്രമുള്ള ചെറിയ പള്ളികളിൽ പെരുന്നാൾ മുറയനുസരിച്ചുള്ള രാവിലത്തെ കുർബ്ബാന മാത്രം അനുഷ്ഠിയ്ക്കുകയും, പിന്നീടു ദുഃഖശനിയാഴ്ചയുടെ ക്രമം നിവർത്തിക്കുകയും വേണം. ആ ദിവസം വിശുദ്ധ കുർബാന അനുഭവിക്കുവാൻ ഒരുക്കമുള്ളവർ വലിയ ശനിയാഴ്ചയിലെ നോമ്പിനെ കാനോനപ്രകാരം ബഹുമാനിച്ചുകൊണ്ട് ഉച്ചയ്ക്കുശേഷം അനുഭവിച്ചുകൊള്ളേണ്ടതാകുന്നു.."*

ഈ കൽപ്പനയുടെ മലയാളത്തിലുള്ള ശരി തർജ്ജമ ചിങ്ങവനം തകിടിയിൽ യാക്കോബ് കശീശായുടെ 'നടപടി ക്രമം വൈദിക ഗൈഡ് 2-ാം ഭാഗം' എന്ന ഗ്രന്ഥത്തിൽ (1948) കൊടുത്തിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ, കുർബാന കഴിഞ്ഞതിനാൽ ഉപവാസം വെടിയുവാൻ പാടില്ല; ചൊല്ലുന്ന പട്ടക്കാരനു മാത്രം ഒഴികഴിവുണ്ട് എന്നും ഈ ഗ്രന്ഥത്തിൽ (പേജ് 6) പറയുന്നു.

ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ കോട്ടയം സിമ്മനാരിയിൽ നിന്നും 1114 (1939) കുംഭം 19 ന് പുറപ്പെടുവിച്ച 106-ാം നമ്പർ കല്പനയിൽ നിന്ന്.

*"കൂടാതെ, ഈ വർഷം ദുഃഖവെള്ളിയാഴചയും വചനിപ്പു പെരുന്നാളും ഒരു ദിവസം വന്നിരിക്കുന്നതിനാൽ വെള്ളിയാഴ്ച രാവിലെ വി.കുർബ്ബാന അണയ്ക്കേണ്ടതാണ്. വ്യാഴാഴ്ച സന്ധ്യനമസ്ക്കാരം മാറാനായ പെരുന്നാളിന്റേതും സൂത്താറാ ദുഃഖവെള്ളിയാഴ്ചയുടേയും കഴിക്കേണ്ടതാകുന്നു. രാത്രി 1-ാം കൗമ്മാ (കന്യാസ്ത്രീ അമ്മയെ ഉദ്ദേശിച്ചിട്ടുള്ളത്) യുടേയും, രണ്ടാം കൗമ്മാ ദുഃഖവെള്ളിയാഴ്ചയുടേയും 3-ാം കൗമ്മാ 'ആന്നീദേ'യുടെ തുടങ്ങി തൂറൊദ്സീനൈ, എന്ന അപേക്ഷവരെയും ചൊല്ലി വി. കുർബ്ബാന അണയ്ക്കേണ്ടതാകുന്നു. വി. കുർബ്ബാനക്കുശേഷം ദുഃഖവെള്ളിയാഴ്ചയുടെ 'സപ്രൊ' തുടങ്ങി എല്ലാ പ്രാർത്ഥനകളും ശുശ്രൂഷകളും ക്രമമായി നടത്തിക്കൊള്ളുകയും വേണം.."*

1950 ഏപ്രിൽ ഏഴിന് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ പുത്തൻകാവു പള്ളിയിൽ ഈ വിശേഷദിവസങ്ങൾ ഒരുമിച്ച് ആചരിച്ച തിനെപ്പറ്റി അദ്ദേഹത്തിന്റെ ഡയറിയിൽ ഇപ്രകാരം കാണുന്നുണ്ട്: *'സൂബോറൊ പ്രമാണിച്ച് വെളുപ്പിന് വി. കുർബ്ബാന അർപ്പിച്ചു. 8 മണിക്കു ദുഃഖവെള്ളിയാഴ്ചയുടെ നമസ്കാരവും മറ്റും ആരംഭിച്ചു. ശുശ്രൂഷകൾക്കു ശേഷം 5 മണിയോടുകൂടി എല്ലാം അവസാനിച്ചു.'*

ബസേലിയോസ് മാർതോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ എഴുതിയ കുറിപ്പ് :-

*"വചനിപ്പു പെരുന്നാൾ - ഇത് ഏതു ദിവസം വന്നാലും അതിന്റെ പ്രാധാന്യം കൊണ്ട് വി. കുർബാന ചൊല്ലും. മാറാനായ ആയിരിക്കും. അതനുസരിച്ച് നമസ്കാരങ്ങൾ നടത്തണം. വചനിപ്പിന്റെ പെങ്കീസാ നമസ്കാരമോ അതല്ലെങ്കിൽ ബുധനാഴ്ച നമസ്കാരമോ നടത്താം. നാലാം നിറമായിരിക്കും. ദുഃഖവെള്ളിയാഴ്ച വന്നാലും അന്നു മാറാനായ പെരുന്നാളായി ആചരിക്കണം. തലേദിവസം സന്ധ്യ മുതൽ പിറ്റേ ദിവസം കാലത്തെ വി. കുർബാന വരെയുള്ള നമസ്കാരങ്ങൾ വചനിപ്പിന്റേതായിരിക്കും. മാറാനായ പെരുന്നാൾ ആകയാൽ കുമ്പിടീൽ ആവശ്യമില്ല. വി. കുർബാന കഴിഞ്ഞ് അയിസ്സം വെടിഞ്ഞ് ഭക്ഷണം കഴിക്കാം. തുടർന്ന് ദുഃഖവെള്ളിയാഴ്ചയുടെ ശുശ്രൂഷകൾ നടത്തണം.*
*ദുഃഖവെള്ളി - ദുഃഖവെള്ളിയാഴ്ച വചനിപ്പു വന്നാൽ അതു മാറാനായ ആകയാൽ അതിന്റെ പ്രാധാന്യത്തിനനുസരിച്ച് നമസ്കാരം, വി. കുർബാന എന്നിങ്ങനെയുള്ള എല്ലാ കാര്യങ്ങളും നടത്തുന്നു. ഒന്നുരണ്ടു കൊല്ലങ്ങളിൽ വചനിപ്പു ദുഃഖവെള്ളിയാഴ്ച വന്നതായി അറിയാം. വചനിപ്പിന്റെ പെങ്കീസാ നമസ്കാരമോ അതല്ലെങ്കിൽ ബുധനാഴ്ച നമസ്കാരമോ*

*നടത്തണം. ദുഃഖവെള്ളിയാഴ്ചയുടെ സന്ധ്യ മുതൽ മൂന്നാം മണി വരെയുള്ള കഷ്ടാനുഭവ ആഴ്ച നമസ്കാരം വിടുന്നു. മൂന്നാം മണി വരെയുള്ള പെങ്കീസാ അഥവാ ബുധനാഴ്ച നമസ്കാരം നടത്തിയിട്ട് കാലത്തു തന്നെ വി. കുർബാന ചൊല്ലുന്നു. അപ്പോൾ കാദീശാത്താലോഹോ, ശ്ലോമ്മോ, ത്രോണോസു മുത്ത്, കൈമുത്ത് എന്നിവയെല്ലാം നടത്തുന്നു. കുർബാന കഴിഞ്ഞാൽ കുർബാന ചൊല്ലുകയും അനുഭവിക്കുകയും ചെയ്യുന്നവർക്ക് ലഘുഭക്ഷണം കഴിച്ച് അയിസ്സം മുറിക്കാം. പിന്നീടുള്ള സമയം ദുഃഖവെള്ളിയായി ആചരിക്കണം. ദുഃഖവെള്ളിയാഴ്ചയുടെ ഉച്ചനമസ്കാരം നടത്തിയിട്ട് ആദ്യ പ്രദക്ഷിണവും അതിനുശേഷം ഇരുപത്തിരണ്ടരയുടെ നമസ്കാരം, സ്ലീബാ വന്ദനവ്, രണ്ടാം പ്രദക്ഷിണം, സ്ലീബാ ആഘോഷം, കബറടക്കം മുതലായവയെല്ലാം ക്രമപ്രകാരം നടത്തും.."*

വചനിപ്പ് പെരുന്നാളും വലിയ വെള്ളിയാഴ്ചയും ഒരേ തീയതിയിൽ വരുമ്പോൾ അതാചരിക്കേണ്ട വിധത്തെപ്പറ്റി ശ്രേഷ്ഠ കാതോലിക്ക ആബൂൻ മാർ ബസേലിയോസ് തോമസ് പ്രഥമൻ ബാവയുടെ 2005 ഫെബ്രുവരി മാസം 21-ാം തീയതിയിലെ No.P7/2005 കൽപനയിൽ നിന്ന്

*"നമ്മെ അനുഗ്രഹകരമായി നടത്തുന്ന വലിയവനായ ദൈവത്തെ സ്തോത്രം ചെയ്തുകൊണ്ട് പ്രാർത്ഥനാപൂർവ്വം അറിയിക്കുന്നത്. വി.മാതാവിനോടുള്ള വചനിപ്പിന്റെ ഓർമ്മപ്പെരുന്നാൾ എല്ലാ വർഷവും മാർച്ച് 25-ാം തീയതി ആചരിച്ചു വരികയാണല്ലോ. വചനിപ്പ് പെരുന്നാൾ ഏതു ദിവസം വന്നാലും, മാറാനായ ദിവസമാകയാൽ പെരുന്നാൾ മുറയനുസരിച്ച് വി.കുർബ്ബാന അർപ്പിക്കേണ്ടതാണെന്ന് കാനോൻ അനുശാസിക്കുന്നു. ഈ വർഷം മാർച്ച് 25-ം തീയതി പെരുന്നാൾ മുറയനുസരിച്ച് രാവിലെ തന്നെ വി.കുർബാന അർപ്പിച്ച് 8 മണിക്ക് തീർത്തശേഷം 9 മണിക്ക് ദുഃഖവെള്ളിയാഴ്ചയുടെ ക്രമങ്ങൾ മുറപ്രകാരമുള്ള പ്രാർത്ഥനയോടെ ആചരിക്കേണ്ടതാണ്........"*

റോമൻ കത്തോലിയ്ക്കാ സഭ സാധാരണ ദുഃഖവെള്ളിയാഴ്ചകളിൽ കുർബാന അനുഷ്ഠിയ്ക്കുന്നത് നിരോധിക്കുന്നില്ല പക്ഷേ അപ്പവീഞ്ഞുകൾ അന്ന് വാഴ്ത്തുന്നില്ല. പകരം തലേദിവസത്തെ കുർബാനയിൽ പിറ്റേ ദിവസത്തേക്കുള്ള അപ്പവീഞ്ഞുകൾ കൂടി മുൻകൂട്ടി

വാഴ്ത്തി സൂക്ഷിക്കുന്നു. ഈ വിധത്തിലുള്ള. കുർബാന The Mass of the Presanctified (Gifts) എന്ന് അറിയപ്പെടുന്നു എന്നാൽ വചനിപ്പ് പെരുന്നാളും വലിയ വെള്ളിയാഴ്ചയും ഒരേ തീയതിയിൽ വരുമ്പോൾ The Mass of the Presanctified Gifts അനുവദനീയമല്ല എന്നറിയുന്നു.

ആംഗ്ലിക്കൻ സഭകളിൽ മാർച്ച് 25-ാം തീയതി Lady's Day എന്നറിയപ്പെടുന്നു. ഈ ദിവസം കഷ്ടാനുഭവാഴ്ചയിൽ വന്നാൽ അവർ അത് പുതുഞായറാഴ്ചയുടെ പിറ്റേ ദിവസത്തേയ്ക്ക് മാറ്റി ആഘോഷിക്കുന്നു. മാതാവിന്റെ ഉദരത്തിൽ വചനം ഉരുവാകുന്ന അതേ ദിവസം തന്നെ പുത്രൻ തമ്പുരാന്റെ ക്രൂശുമരണവും അനുസ്മരിക്കേണ്ടി വരിക എന്നുള്ളത് അവർക്ക് ചിന്തിക്കുവാൻ വയ്യ. ദുഃഖവെള്ളിയാഴ്ചയും വചനിപ്പും ഒരുമിച്ച് വരുന്നത് ശുഭ സൂചകമല്ല എന്നും അവർ വിശ്വസിക്കുന്നു. 2005 ൽ ഇങ്ങനെ വന്നപ്പോൾ ഭീകരാക്രമണമുണ്ടായത്. ഇതുമൂലമാണെന്നാണ് അവരുടെ അന്ധവിശ്വാസം. If our Lord falls in Our Lady's Lap, England will meet with a Great mishap" ഇതാണ് അവരുടെ ഇടയിലുള്ള പഴഞ്ചൊല്ല്.

കുറിപ്പ് : 1) വചനിപ്പു പെരുന്നാൾ അല്ലാതെ തന്നെ ഹാശായുടെ ചൊവ്വാഴ്ച വി. കുർബ്ബാന അർപ്പിച്ച ഒരു സംഭവം നിരണം ഗ്രന്ഥവരി യിൽ കാണുന്നുണ്ട്. 1808 മീനം 27 (ഏപ്രിൽ 8) നാല്പതാം വെള്ളി യാഴ്ച കാലം ചെയ്ത വലിയ മാർ ദീവന്നാസിയോസ് മെത്രാപ്പോലീ ത്തായെ കബറടക്കിയത് മീനം 31 (ഏപ്രിൽ 12) ചൊവ്വാഴ്ച കാലത്ത് ഒരു ഇട്ടിയവിര കത്തനാർ പുത്തൻ കുർബാന ചൊല്ലിയതിനു ശേഷമാണ്. മീനം 25 (വചനിപ്പ്) പെരുന്നാൾ ദിവസം അദ്ദേഹത്തിന് വി. കുർബാന കാണാൻ വയ്യായിരുന്നുവെന്നും സൂചിപ്പിച്ചിട്ടുണ്ട് - നിരണം ഗ്രന്ഥവരി പേജ് 117 - 118.

2) വചനിപ്പ് പെരുന്നാൾ അല്ലാതെതന്നെ 1877 ലെ വലിയ നോമ്പിൽ മീനം 9-ാം തീയതി ബുധനാഴ്ച (സുറിയാനി കണക്ക്) പത്രോസ് തൃതീയൻ പാത്രിയാർക്കീസ് ബാവയുടെ കല്പന പ്രകാരം അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ശീമയിലെ പതിവനുസരിച്ച് നാൽപ്പത് സഹദേൻമാരുടെ ഓർമ്മ ദിവസം പ. പരുമല തിരുമേനി ബഹു. കുന്നക്കുരുടി പള്ളിയിൽ വച്ച് വി. കുർബ്ബാന അർപ്പിച്ചതായി ശെമവുൻ മാർ ദീവന്നാസിയോസിന്റെ നാളാഗമത്തിൽ കാണുന്നുണ്ട്. നാൽപ്പത് സഹദേൻമാരുടെ ഓർമ്മ വലിയ നോമ്പിൽ മാത്രമേ വരികയുള്ളു.

അനുബന്ധം

**എ.ഡി. 325 മുതൽ എ.ഡി. 4039 വരെ വചനിപ്പ് പെരുന്നാളും ദുഃഖവെള്ളിയാഴ്ചയും ഒരുമിച്ചു വരുന്ന വർഷങ്ങൾ (മലങ്കര സഭയിലെ ഉയിർപ്പ് പെരുന്നാൾ കണക്കുകൾ അനുസരിച്ച്)**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 343 | 718 | 1076 | 1502 | 1939 | 2377 | 2833 | 3368 | 3960 |
| 354 | 791 | 1155 | 1513 | 1950 | 2388 | 2844 | 3425 | 4039 |
| 365 | 802 | 1160 | 1524 | (Greg. | 2461 | 2901 | 3436 | |
| 376 | 813 | 1239 | 1597 | Calendar) | 2472 | 2912 | 3504 | |
| 438 | 875 | 1250 | 1608 | 2005 | 2529 | 2991 | 3583 | |
| 449 | 886 | 1323 | 1687 | 2016 | 2540 | 2996 | 3588 | |
| 460 | 897 | 1334 | 1692 | 2157 | 2608 | 3053 | 3667 | |
| 533 | 908 | 1345 | 1771 | 2168 | 2681 | 3064 | 3672 | |
| 544 | 970 | 1407 | 1782 | 2214 | 2692 | 3121 | 3735 | |
| 623 | 981 | 1418 | 1855 | 2225 | 2738 | 3132 | 3740 | |
| 628 | 992 | 1429 | 1866 | 2236 | 2749 | 3216 | 3808 | |
| 707 | 1065 | 1440 | 1877 | 2304 | 2760 | 3295 | 3887 | |

**(1950 വരെ ജൂലിയൻ കലണ്ടർ - സുറിയാനിക്കണക്ക് അനുസരിച്ചും 2005 മുതൽ ഗ്രീഗോറിയൻ കലണ്ടർ പ്രകാരവുമുള്ള വർഷങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്.**

**സൂബോറോ പെരുന്നാളും ദുഃഖവെള്ളിയാഴ്ചയും ഒരുമിച്ച് വന്നതിനെപ്പറ്റി 1950 ലെ സഭാചന്ദ്രികയിൽ പ്രസിദ്ധീകരിച്ച ലേഖനം.**



(സുറിയാനി ഭാഷയിലും സഭാ ചരിത്രത്തിലും നിപുണനും എഴുത്തുകാരനുമായ ശ്രീ. ജേക്കബ്ബ് വർഗീസ് മാന്നാക്കുഴിയിൽ, തടിയൂർ തന്റെ പുരാതന ഗ്രന്ഥശേഖരത്തിൽ നിന്ന് അയച്ചു തന്നത്.)



ലേഖന കർത്താവ് ഡോ. എം. കുര്യാക്കോസ് (മുകളത്ത്, പുല്ലുവഴി) കോഴിക്കോട് N.I.T. യിൽ നിന്ന് മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം നേടിയ ശേഷം 19 വർഷം കേന്ദ്ര ഗവ. സ്ഥാപനമായ സ്റ്റീൽ അതോറിറ്റിയിലും 19 വർഷം കേരളാ ഗവ. സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സിലും സേവനമനുഷ്ഠിച്ചു. 2 വർഷം ഓട്ടോകാസ്റ്റ് എന്ന കേരള ഗവൺമെന്റ് സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ ആയിരുന്നു. പിന്നീട് 2 വർഷം കിഴക്കമ്പലം അന്നാ ഗ്രൂപ്പിൽ ജനറൽ മാനേജരായി ജോലി നോക്കി. കഴിഞ്ഞ 5 വർഷമായി മണ്ണൂർ ക്രൈസ്റ്റ് നോളജ് സിറ്റി വനിതാ എഞ്ചിനീയറിംഗ് കോളേജിലെ മെക്കാനിക്കൽ വിഭാഗം തലവനും പരീക്ഷാ കൺട്രോളറും എക്സിക്യൂട്ടീവ് ഡയറക്ടറുമാണ്. 2013 –ൽ പ്രൊഡക്ഷൻ & ഇൻഡസ്ട്രിയൽ മാനേജ്മെന്റ് വിഷയത്തിൽ ഡോക്ടറേറ്റ് ലഭിച്ചു.

കീഴില്ലം പാറേത്തുമുകൾ സെന്റ് തോമസ് പള്ളി ഇടവകാംഗം, അതേ സണ്ടേസ്ക്കൂളിൽ അദ്ധ്യാപകൻ. ഈസ്റ്റർ തീയതികളെപ്പറ്റിയും സഭാ ചരിത്രത്തിലും ഗവേഷണം നടത്തുന്നു. കമ്പ്യൂട്ടറിന്റെയോ കാൽക്കുലേറ്ററിന്റെയോ സഹായം കൂടാതെ എ.ഡി. 325 മുതൽ ഏതു വർഷത്തിലെയും ഈസ്റ്റർ തീയതി (ജൂലിയൻ/ഗ്രിഗോറിയൻ/സുറിയാനിക്കണക്ക്) ഗണിക്കുവാനുള്ള എളുപ്പമാർഗ്ഗം കണ്ടുപിടിച്ചിട്ടുണ്ട്. വിവിധ സഭാ മാസികകളിൽ വേദശാസ്ത്രപരമായും സഭാ ചരിത്ര സംബന്ധവുമായ വിഷയങ്ങളിൽ ലേഖനങ്ങൾ എഴുതുന്നു.
Contact:- 9447991614, kuriakose.mm@gmail.com



CKC
CHRIST
KNOWLEDGE CITY
AN
ENGINEERING
COLLEGE
OFFERING
B.TECH,
M.TECH,
MBA,
Number ONE
POSITION IN KERALA
ON LATEST UNIVERSITY EXAMS
RATING
92.44%
94.44%
100%
Admission Helplines
How to
Apply
Online:
www.christknowledgecity.com